(ബി) നമ്പർ 2648/കെ3/03/ആഭ്യന്തരം എന്ന ഫയൽ അന്വേഷിച്ച് 7-4-2003-ന് കണ്ണൂർ കളക്ടർ അയച്ച ശുപാർശ ആഭ്യന്തര വകുപ്പിൽ എന്നാണ് ലഭിച്ചത് ;

(സി) ആഭ്യന്തര വകുപ്പിലെ സെക്ഷൻ ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി തുടങ്ങിയ ഓരോ ഉദ്യോഗസ്ഥൻമാരുടെയും മുമ്പാകെ എത്ര ദിവസംവീതം ഈ ഫയൽ ഇരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ ഫയലിന്മേൽ ഇപ്പോൾ എന്ത് തീരുമാനം എടുത്തുവെന്നും നിയമനം നൽകാൻ ഇനി എത്ര കാലതാമസം ഉണ്ടാകുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ) അപേക്ഷകന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഡെമോൺസ്ട്രേറ്റർ/ വർക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ നിയമിക്കപ്പെടുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(ബി) 19-4-2003-ൽ.

(സി) സെക്ഷൻ ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി എന്നിവരുടെ ഭാഗത്തു നിന്നും കാലതാമസം ഉണ്ടായതായി കാണുന്നില്ല.

(ഡി) സാങ്കേതിക വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ള അപേക്ഷകന്റെ യോഗ്യതയനുസരിച്ചും, അയാളുടെ സമ്മതപത്രം അനുസരിച്ചും ജോലി നൽകാവുന്ന തസ്തികയിൽ ഒഴിവുണ്ടോ എന്ന് ആരായുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് കത്തയച്ചിരിക്കുകയാണ്. ഒഴിവിന്റെ ലഭ്യതയനുസരിച്ച് നിയമനം നൽകാവുന്നതാണ്.

വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളതായ പ്രദേശങ്ങൾ

42 (2994) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകാൻ സാദ്ധ്യത ഉള്ള തായി കണക്കാക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് ;

(ബി) ആരാധനാലയങ്ങളിൽ നിന്നും ആയുധങ്ങൾ കണ്ടെടുത്ത എത്ര സംഭവങ്ങൾ ഈ സർക്കാരിന്റെ കാലയളവിൽ ഇതേവരെ ഉണ്ടായിട്ടുണ്ട് ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട് ;

(ഡി) എത്ര പേർ പ്രതികളാണ് ; ഇത്തരം കേസുകളിൽ എത്ര എണ്ണത്തിൽ കുറ്റപത്രം നൽകിയിട്ടുണ്ട് ; നൽകാത്തതെത്രയാണ് ;

(ഇ) മാരകായുധങ്ങൾ സൂക്ഷിക്കുന്ന മതസ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഈ കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാരിന് മുമ്പാകെയുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുതാല്പര്യത്തിന് ഹാനികരമാകുമെന്നതിനാൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ബി) രണ്ട് സംഭവങ്ങൾ.

(സി) രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടും അന്വേഷണാവസ്ഥയിലാണ്.

(ഡി) കോഴിക്കോട് റൂറൽ ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസിൽ (നാദാപുരം പി.എസ്.873/01) 26 പ്രതികളുണ്ട്. മാറാട് സംഭവത്തോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്ന (116/സി.ആർ.03) കേസിൽ 135 പ്രതികളുണ്ട്. രണ്ട് കേസുകളിലും കുറ്റപത്രം നൽകിയിട്ടില്ല. കേസുകൾ അന്വേഷണാവസ്ഥയിലാണ്.

(ഇ&എഫ്) ഇല്ല. മതസ്ഥാപനങ്ങളിൽ മാരകായുധങ്ങൾ സൂക്ഷിയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവയ്ക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്. മാറാട് ജുമാമസ്ജീദ് പള്ളി, ജില്ലാ മജിസ്ട്രേട്ടിന്റെ ഉത്തരവ് പ്രകാരം കേരളാ പോലീസ് ആക്ട് അനുസരിച്ച് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

മാറാട് സംഭവത്തെ തുടർന്ന് കോഴിക്കോട് ജില്ലയിലുണ്ടായ അനിഷ്ട സംഭവങ്ങൾ

43 (2995) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് സംഭവത്തെ തുടർന്ന് കോഴിക്കോട് ജില്ലയിൽ എവിടെ ഒക്കെയാണ് അനിഷ്ട സംഭവങ്ങൾ ഉണ്ടായത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ജൂൺ മാസം അവസാനം കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരിയിൽ ചില കടകൾ തകർക്കപ്പെടുകയുണ്ടായോ ; ഉണ്ടെങ്കിൽ എത്ര കടകളാണ് എന്നും എത്ര രൂപയുടെ നഷ്ടം വന്നുവെന്നുമാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഇത് സംബന്ധിച്ച് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അവരുടെ രാഷ്ട്രീയ ബന്ധങ്ങൾ എന്താണെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽകോളേജ്, ചെറുവണ്ണൂർ, പുതിയാപ്പ, പുതിയങ്ങാടി, പന്തിയക്കാവ്, മാറാട്, കുന്ദമംഗലം, ആശന്നൂർ കോഴിക്കോട് സിവിൽ സ്റ്റേഷൻ, ബാങ്ക്റോഡ്, ബിലാത്തികുളം പന്നിയങ്കര, കൊയിലാണ്ടി, പേരാംമ്പ്ര, താമരശ്ശേരി, പയ്യോളി, ബാലുശ്ശേരി എന്നിവിടങ്ങളിലാണ് അനിഷ്ട സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly